# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-332/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം

കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-332/23 തീയ്യതി: 20/04/2023

## എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 10-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ വിജു എം എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി ആർ അശോകൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| കെ എ തോമസ് | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീകുമാർ കെ കെ | സെക്രട്ടറി | 08-05-2021 | 13-05-2021 |
| ജി റെജികുമാർ | സെക്രട്ടറി | 14-05-2021 | 25-07-2021 |
| ഷൗജാമോൾ പി കോയ | സെക്രട്ടറി | 26-07-2021 | 17-08-2021 |
| ജ്യോതികുമാർ എസ് | സെക്രട്ടറി | 18-08-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ബേസിൽ മത്തായി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശാലിനി പ്രഭ | സി. ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ഷെമി എ എച്ച് | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-01-2022 |
| പ്രിയ പോൾ | വ്യവസായ വികസന ഓഫീസർ | 01-02-2022 | 31-03-2022 |
| ശ്രീലത വി സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| വിൽസൺ മത്തായി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 15-01-2022 |
| സലീത സി വി | പട്ടികജാതി വികസന ഓഫീസർ | 16-01-2022 | 01-02-2022 |
| സോഫിയ പോൾ | പട്ടികജാതി വികസന ഓഫീസർ | 02-02-2022 | 31-03-2022 |
| മിനി എം പിള്ള | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ഡോ. ബിജി എലിസബത്ത് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 01-04-2021 | 24-12-2021 |
| ഡോ. സിനി ഡാനിയൽ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. | 25-12-2021 | 13-01-2022 |

| | | | |
|---|---|---|---|
| | വടവുകോട്) | | |
| ഡോ. ജയൻ എ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 14-01-2022 | 09-03-2022 |
| ഡോ. സിനി ഡാനിയൽ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 10-03-2022 | 31-03-2022 |
| ഡോ.അനീഷ് ബേബി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി കടയിരുപ്പ്) | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | വാടക അപാകതകൾ | 1-10 |
| 12 | ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-11 |
| 13 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല | 1-12 |
| 14 | സാക്ഷരതാ പ്രേരക് ഓണറേറിയം- സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭ്യമായിയിട്ടില്ല | 1-13 |
| 15 | ഏർലി ഡിറ്റെക്ഷൻ സെന്റർ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-14 |
| 16 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 17 | ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 1-16 |
| 18 | കമ്മറ്റി അംഗീകാരമില്ലാതെ ഒരേ സ്ഥലത്ത് രണ്ട് കുഴൽ കിണർ നിർമ്മിച്ചു | 1-17 |
| 19 | വയോജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-18 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - ബാക്കി തുക തിരികെ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 21 | ട്രാൻസ്പോർട്ടേഷൻ ചാർജ്. ജി.എസ്.ടി അധികം നല്കി | 1-20 |
| 22 | കടയിരുപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 1-21 |
| 23 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-22 |
| 24 | മാടശ്ശേരി കോളനി കുടിവെള്ള പദ്ധതി (കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്) -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 25 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.02.2021 ലെ 3(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4847278 | 6184294.00 | (-)1337016 |
| വരവ് | 275715800.00 | 68028535.00 | 207687265.00 |
| ആകെ | 280563078.00 | 74212829.00 | 206350249.00 |
| ചെലവ് | 280027078.00 | 62730936.00 | 217296142.00 |
| നീക്കിയിരിപ്പ് | 53600.00 | 11481893.00 | (-) 11428293 |

ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 17.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) Contractor’s Retention (340100203) എന്ന ശീർഷകത്തിന്റെ മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ തമ്മിൽ 43227/-രൂപയുടെ വ്യത്യാസം ഉണ്ട്.

2) Auction Deposit (340200102) എന്ന ശീർഷകത്തിന്റെ 2021-22 വർഷത്തെ വരവ് 56000/-രൂപയും, റീഫണ്ട് 45500/-രൂപയുമാണ്. എന്നാൽ, നീക്കിയിരിപ്പ് തുക 10500/-രൂപ B-7 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

3) 2020-21 വർഷത്തെ B-11 ഷെഡ്യൂൾ പ്രകാരം എല്ലാ ആസ്തികളുടേയും ആകെ മൂല്യം 66588316/-ആയിരുന്നു. 2021-22 വർഷം RP-38 ഷെഡ്യൂൾ പ്രകാരം 3826155/-രൂപ വിവിധ ആസ്തി ഹെഡുകളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 750977/-രൂപ Capital Work In Progress എന്ന ഹെഡിൽ നിന്നും വിവിധ ആസ്തി ഹെഡുകളിലേക്ക് Transfer ചെയ്തിട്ടുമുണ്ട്. 1-17 ലെ ഷെഡ്യൂൾ പ്രകാരം 4431925/-രൂപ മാത്രമാണ് തൻവർഷം Depreciation ആയി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇപ്രകാരം 31.03.2022ന് എല്ലാ ആസ്തികളുടേയും ആകെ മൂല്യം 66733523/-രൂപ കാണേണ്ടതാണ്. എന്നാൽ, 2021-22 വർഷത്തെ B-11 ഷെഡ്യൂൾ പ്രകാരം എല്ലാ ആസ്തികളുടേയും ആകെ മൂല്യം 65446504/-രൂപ മാത്രമാണ്.

4) ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇന്കം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
5) 2021-22 വർഷം ബ്ലോക്ക്പഞ്ചായത്ത് 3572680/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയിരുന്നു. ടി തുക Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയാണുണ്ടായത്. ഇപ്രകാരം അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതുകൊണ്ട് വിനിയോഗസാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ടി നിക്ഷേപ പ്രവൃത്തിയുടെ തുക B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായും ഉൾപ്പെട്ടിട്ടില്ല.

6) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6184294.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 68028535.00 |
| ആകെ | 74212829.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62730936.00 |
| നീക്കിയിരിപ്പ് | 11481893.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5884539/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ് സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20880420 | 20880420 | 19652000 | 0 | 1228420 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 17109127 | 17109127 | 14256147 | 0 | 2852980 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 225800 | 225800 | 164000 | 0 | 61800 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4401872 | 4401872 | 4293256 | 0 | 108616 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Tied ട്രഷറി | 0 | 4312000 | 4312000 | 4211666 | 0 | 100334 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Tied – ബാങ്ക് | 0 | 5489000 | 5489000 | 894688 | 4594312 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Untied ട്രഷറി | 0 | 11752 | 11752 | 11752 | 0 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Untied – ബാങ്ക് | 0 | 3717190 | 3717190 | 3217143 | 500047 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എംകെഎസ്പി | 50 | 0 | 50 | 0 | 50 | 0 |
| ശുചിത്വ മിഷൻ | 564384 | 12853 | 577237 | 0 | 577237 | 0 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐഎവൈ സംസ്ഥാന വിഹിതം | 11758 | 441 | 12199 | 0 | 12199 | 0 |
| മിനസല്ലേനിയസ് | 96681 | 55757 | 152438 | 52193 | 100245 | 0 |
| മറ്റ് ഏജൻസികൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സിഎസ്ആർ ഫണ്ട് | 228575 | 6875 | 235450 | 0 | 235450 | 0 |
| ഐഎവൈ ലോൺ | 25500 | 0 | 25500 | 0 | 25500 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത്- എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 107 | 116284706 | 88 | 49313137 | 82 | 6 | 19 | 76.63% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 642700 | 642700 | 642700 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023 ന് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം വാടക ഇനത്തിൽ ലഭിക്കുവാനുള്ള കടിശ്ശിക വിവരം പോലും കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നില്ല.

3. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. മുൻകൂർ തുക നൽകി ഒരു വർഷത്തിനു ശേഷവും കമ്പ്യൂട്ടർ ലഭ്യമാകാതിരുന്നിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

5. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.23 മുതൽ 31.01.23 വരെ | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.18 മുതൽ 19.03.18 വരെ | 2013-14 മുതൽ 2016-17വരെ | 20.06.18 |

## 1-10 വാടക അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1)ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനത്തിന്റെ പേര് | പ്രതിമാസ | ഈടാക്കാത്ത |
|---|---|---|---|

| നം | /കെട്ടിട നം . | വാടക | കാലയളവ് |
|---|---|---|---|
| 1 | ജനനീ കുടുംബശ്രീ/334 | 1153/- | 4/21മുതൽ -3/22വരെ |
| 2 | ദർശന എസ്.എച്ച് .ജി /329 | 1048/- | 2/22മുതൽ 3/22 വരെ |
| 3 | ഫുഡ് സേഫ്റ്റി കുന്നത്തുനാട് സർക്കിൾ /331 | 2757/- | 4/21 മുതൽ 3/22 വരെ |

2) ബ്ലോക്ക് പഞ്ചായത്തിൽ ആകെ 9 കെട്ടിടങ്ങൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നിട്ടും വാടകരജിസ്റ്റർ വളരെ മോശമായ രീതിയിലാണ് എഴുതി തയ്യാറാക്കിയിട്ടുള്ളത്. ഓരോ കെട്ടിടത്തിന്റേയും വാടക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ പ്രത്യകം പേജിൽ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ കെട്ടിടത്തിന്റെ പേര്,ഉടമസ്ഥൻ,കെട്ടിട നമ്പർ, പ്രതിമാസ വാടക, വാടക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ(ഈടാക്കിയ മാസം, തുക, രസീതു നമ്പർ, തീയതി മുതലായവ)എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. വാടകകുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലുള്ള വിവരങ്ങളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ പ്രത്യേകം പേജിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

വാടക രജിസ്റ്ററിൽ ഡി.സി.ബി(ഡിമാന്റ്,കളക്ഷൻ,ബാലൻസ്)എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷത്തെ ഡി.സി.ബി (157300,94756,105991) യുടെ കൃത്യത വാടകരജിസ്റ്ററുമായി ഒത്തുനോക്കി ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3) വാടകയിനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശിക തുക വാർഷികധനകാര്യപത്രിക പ്രകാരം 105991/-രൂപയാണ്. ഇവ തൻവർഷം ലഭിക്കുവാനുള്ളത്, കുടിശ്ശിക ലഭിക്കുവാനുള്ളത് എന്നിങ്ങനെ വേർതിരിച്ച് കാണിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിൽ (ബി-15 ഷെഡ്യൂളിൽ)വാടകയിനത്തിൽ തൻവർഷം ലഭിക്കുവാനുള്ള തുക, മുൻവർഷങ്ങളിലെ കുടിശ്ശിക എന്നീ വിവരങ്ങൾ പ്രത്യേകം ഉൾപ്പെടുത്തി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. വാടക രജിസ്റ്ററിലും ടി വിവരങ്ങൾ ഉൾപ്പെടുത്തി ഡി.സി.ബി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/14.3.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ മറുപടിയിൽ ക്രമ നം.1 പ്രകാരമുള്ള കെട്ടിടങ്ങളുടെ വാടകകുടിശ്ശിക അടച്ച് തീർക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വാടക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാടകരജിസ്റ്റർ ഡി.സി.ബി വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം വാടകയിനത്തിൽ ലഭിക്കുവാനുള്ള 105991/-രൂപ കുടിശ്ശിക തുക ഏതേതു കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-11 ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കോലഞ്ചേരി ശാഖയിൽ 1.09.2018 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37915253097). ടി അക്കൗണ്ടിൽ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക ക്രെഡിറ്റായിട്ടുള്ളത് 7.11.2019 മുതലാണ്. 19-20 മുതൽ 21-22 വരെയുള്ള കാലയളവിൽ ഇ-ടെണ്ടർ ഇനത്തിൽ ലഭിച്ച തുകയിൽ 308483/-രൂപ ബ്ലോക്കിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 26.2.23 ലെ നീക്കിയിരുപ്പ് 90280/- രൂപയാണ്. ടി തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

ബാങ്ക് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ 2547/-രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

7.11.2019 ന മുമ്പുള്ള കാലയളവിൽ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് എറണാകുളം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ്. എന്നാൽ ടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയുടെ വിവരവും, തിരികെ ലഭ്യമാക്കിയ തുകയുടെ വിവരവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് (എൻക്വയറി നം. 19/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 142/22 |
| പ്രോജക്ടിന്റെ പേര് | അസി.എക്സി. എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനിയർ |
| അടങ്കൽ തുക | 47872/- (നോൺ റോഡ്) |
| ബിൽ വിവരം,ചെലവ് | 013544/19.03.22 - 42799/- |

അസി.എക്സി. എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 42799/-രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

കമ്പ്യൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നുള്ള 18.03.22 ലെ ഒരു പ്രോഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം 19.03.22 ൽ തുക മുൻകൂറായി നൽകിയെങ്കിലും നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി യാതൊരുവിധ കത്തിടപാടുകളും നടത്തിയതായി ഫയലിൽ കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS പോർട്ടൽ മുഖേന വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശം. CPRCS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും ഇതുപയോഗിച്ച് GeM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്(സ.ഉ 2076/21/തസ്വഭവ തീ. 23.10.21). എന്നാലിവിടെ ഇത്തരത്തിലുള്ള നടപടി ക്രമങ്ങളും പാലിച്ചിട്ടില്ലാത്തതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/21-22) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 42799/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 സാക്ഷരതാ പ്രേരക് ഓണറേറിയം- സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭ്യമായിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സാക്ഷരതാ പ്രേരക്മാർക്ക് ബ്ലോക്ക്പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും വിവിധ മാസങ്ങളിൽ ഓണറേറിയം ഇനത്തിൽ ചുവടെ പറയും പ്രകാരം മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സാക്ഷരതാ പ്രേരക് | ഓണറേറിയം നൽകിയ മാസം | തുക | വൗച്ചർ നം./തീയതി | ചെക്ക് നം./ തീയതി |
|---|---|---|---|---|
| അന്നമ്മ കുര്യാക്കോസ് | 2020 ഡിസംബർ | 10080/- | 22100014/13.4.21 | 5794863/13.4.21 |
| | 2021 ജനുവരി | 11040/- | „ | ,, |
| | 2021 ഫെബ്രുവരി | 11040/- | 22100024/22.4.21 | 5794870/22.4.21 |
| | 2021 മാർച്ച് | 11520/- | 22100037/21.5.21 | 5794876/4.5.21 |
| ഗീത കെ.കെ | 2020 ഡിസംബർ | 10080/- | 22100014/13.4.21 | 5794863/13.4.21 |
| | 2021 ജനുവരി | 10560/- | „ | ,, |
| | 2021 ഫെബ്രുവരി | 11040/- | 22100024/22.4.21 | 5794870/22.4.21 |
| | 2021 മാർച്ച് | 12000/- | 22100037/21.5.21 | 5794876/4.5.21 |
| ആകെ | | 87360/- | | |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരക്മാർക്ക് മുൻകൂറായി നൽകുന്ന ഓണറേറിയം സാക്ഷരതാ മിഷനിൽ നിന്നും തിരിച്ചീടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/14.03.2023) ലഭ്യമായ മറുപടിയിൽ സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം നാളിതുവരെ ലഭ്യമായിട്ടില്ല എന്നുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ നൽകിയ 87360/-രൂപ സാക്ഷരതാമിഷനിൽ നിന്നും തിരിച്ചീടാക്കി തനതുഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14 ഏർലി ഡിറ്റെക്ഷൻ സെന്റർ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S105/22, ഏർലി ഡിറ്റെക്ഷൻ സെന്റർ ഫീൽഡ് സ്ക്രീനിംഗ് |

| | |
|---|---|
| | അടിസ്ഥാന സൗകര്യമൊരുക്കൽ (ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ) |
| അടങ്കൽ തുക | 50000/-(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് തുക | 50000/- |
| ബിൽ നം/തീയതി | 23/21-22. 17.11.21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ് |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1043/21 ,26.11.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ 799013100000010 -ലേക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി 50000/-രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 18/16.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-15 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പ്രോജക്ട് നം ,പേര് | അടങ്കൽ ,ഫണ്ട് | ബിൽ, തീയതി | നിർവ്വഹണ ഏജൻസി | നൽകിയ തുക |
|---|---|---|---|---|---|
| 1 | എസ്.0001/21-22 ഐ.കെ.എം.വിഹിതം നൽകൽ | വികസന ഫണ്ട് പൊതുവിഭാഗം 44833/- | 2112056301210041123919.09.2021 | ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം | 44833/- |
| 2 | 98/21-22, കൊട്ടാരക്കര കില സി.എച്ച്. ആർ.ഡിയിൽ വനിത ഹോസ്റ്റൽ നിർമ്മാണം- ബ്ലോക്ക് വിഹിതം നല്കൽ | വികസന ഫണ്ട് പൊതുവിഭാഗം 300000/- | 21120563012100432902 22.09.2021 | ഗ്രാമ വികസന കമ്മീഷണർ, കൊട്ടാരക്കര | 300000/- |
| 3 | 99/21-22, മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ വിശ്വരൂപം നം 21 അംഗനവാടി നിർമ്മാണം .ബ്ലോക്ക് വിഹിതം നല്കൽ | വികസന ഫണ്ട് പൊതുവിഭാഗം 700000/- | 21120563012100161896 19.02.2022 | സെക്രട്ടറി, മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് | 700000 |
| 4 | 125/21-22, തിരുവാണിയൂർ ഗ്രാമ പഞ്ചായത്തിലെ മെർലോണിയൻ (വാർഡ് 3 ) അംഗനവാടി നിർമ്മാണം. ബ്ലോക്ക് വിഹിതം നല്കൽ | വികസന ഫണ്ട് പൊതുവിഭാഗം 700000/- | 21120563012100804802 18.12.2021 | മിഷൻ ഡയറക്ടർ, എൻ .ആർ.ഇ.ജി.എ. | 700000 |
| 5 | 101/21-22, കുന്നത്ത് നാട് ഗ്രാമപഞ്ചായത്ത്, 3,4 ,5,6,7 വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 1900000/- | 21120563012100734967 02.12.2021 | അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി. ആലുവ | 1900000 |
| 6 | 121/221-22, മഴുവന്നൂർ ഗ്രാമപഞ്ചായത്ത് .വാർഡ് | (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 21120563012101453170 25.03.2022. | അസിസ്റ്റന്റ് എഞ്ചിനീയർ, | 300000 |

| | | | | | |
|---|---|---|---|---|---|
| | 14-കട്ടിക്കോട്ടിൽ കോളനി കുടിവെള്ള പദ്ധതി | 300000/- | | കേരള വാട്ടർ അതോരിറ്റി. ആലുവ | |
| 7 | 135/21-22, പുത്തൻകുരിശ് പഞ്ചായത്ത് വാർഡ് 7 -പ്രീതി അയ്യങ്കാളി റോഡ് -രാജർഷി റോഡ് മൂളിച്ചിറ. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 400000/- | PFMS (380/27.03.2022 | അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി. കൊച്ചി ഡിവിഷൻ | 400000/- |
| 8 | 138/21-22, വടവുകോട്-പുത്തൻകുരിശ് വാർഡ് -5, കുറ്റ ജെ.ബി.എസ്.പൈപ്പ് ലൈൻനീട്ടൽ | (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 348680/- | PFMS(379/27.03.2022 | അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി. കൊച്ചി ഡിവിഷൻ | 348680/- |
| 9 | 137/21-22, തിരുമല എസ്.കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ തിരുവാണിയൂർ വാർഡ് 11 | വികസന ഫണ്ട് എസ്,സി,പി 500000 | 21120563012101473850 26.03.2022. | അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി. കൊച്ചി ഡിവിഷൻ | 500000 |
| 10 | 126/21-22, കുന്നത്ത് നാട് ഗ്രാമപഞ്ചായത്ത് മാടശ്ശേരി കോളനി.പൈപ്പ് ലൈൻ നീട്ടൽ | വികസന ഫണ്ട് പൊതുവിഭാഗം 124000/- | 21120563012101146397 26.03.2022. | അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി. ആലുവ | 124000 |
| | ആകെ | | | | 5317513 |

മേൽ പ്രോജക്ടുകൾ പ്രകാരം 5317513 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാനുണ്ട്. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 15.03.2023 ൽ നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയായ 5317513/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം,പേര് | 55/22 വടവുകോട് ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള വായനശാലയ്ക്ക് എൽ.സി.ഡി പ്രൊജക്ടർ വാങ്ങൽ |
| അടങ്കൽ,ഫണ്ട് | 1000000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം, തീയതി ,ചെലവ് | തുക 978750/-(223/31.01.2022) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് |

വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 15 സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച വായനശാലകളിലേക്ക് 15 എൽ.സി.ഡി പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി നല്കുന്നതാണ് പദ്ധതി. മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ അക്രെഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ആയത് പ്രകാരം 15 എൽ.സി.ഡി പ്രൊജക്ടർ, 15 പ്രൊജക്ടർ സ്റ്റാന്റ്, 15 പ്രൊജക്ഷൻ സ്ക്രീൻ, 15 മൾട്ടിമീഡിയ സ്പീക്കർ വിത്ത് മൈക്ക് എന്നിവ 978750/-രൂപയ്ക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.10.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം 1978/2020 പ്രകാരം അക്രെഡിറ്റഡ് ഏജൻസികളിൽ നിന്ന് ബിഡിംങ് മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ടെണ്ടർ

നടപടികൾ കൂടാതെ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.03.2023 ൽ നല്കിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-17 കമ്മറ്റി അംഗീകാരമില്ലാതെ ഒരേ സ്ഥലത്ത് രണ്ട് കുഴൽ കിണർ നിർമ്മിച്ചു

| | |
|---|---|
| പ്രോജക്ട് നം ,പേര് | 100/21-22,ഐക്കരനാട്,വടവ്കോട്-പുത്തൻകുരിശ്,തിരുവാണിയൂർ ഗ്രാമപഞ്ചായത്തുകളിൽ കുഴൽ കിണർ നിർമ്മാണം-ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് |
| അടങ്കൽ ,ഫണ്ട് | 195000/-(ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ്) |
| ബിൽ, തീയതി, നല്കിയ തുക | 2112563012100786441,തീ.15.12,2021 തുക 140071/- 2112563012100806121,തീ.18.12,2021 തുക 53417/- ആകെ 193488/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ നച്ചിലംകോട്,കടമറ്റം, തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ വെണ്മണി, വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പുലിയാമ്പുള്ളിമുകൾ എന്നീ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കുഴൽകിണർ സ്ഥാപിക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭൂജല വകുപ്പിന്റെ ഭൂജലപരിവേഷണ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് 16.02.2021 ൽ കമ്മറ്റി (2)നമ്പർ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി നല്കിയ 10.11.2021 ലെ GWE01221/2021 എസ്റ്റിമേറ്റ് പ്രകാരം നച്ചിലംകോട് (46497 രൂപ), കടമറ്റം (45337 രൂപ), വെണ്മണി (53417 രൂപ),പുലിയാമ്പുള്ളിമുകൾ (48237രൂപ) എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുന്നതിന് 193488/-രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് നല്കി. എന്നാൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി 17.10.2021 ൽ നല്കിയ GWE01221/2021 കത്ത് പ്രകാരം കടമറ്റം,നച്ചിലംകോട് എന്നി സ്ഥലങ്ങളിലെ പ്രവൃത്തി പൂർത്തിയായെന്നും, തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വെൺമണിയിൽ (യഥാക്രമം 33417+37827=71244) 2 കുഴൽകിണർ സ്ഥാപിച്ചതായും നിലവിൽ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പുലിയാമ്പുള്ളിമുകൾ എന്ന സ്ഥലത്ത് കുഴൽകിണർ സ്ഥാപിക്കുന്നതിന് അധികമായി 27745/-രൂപ അടവാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് വിഭാവനം ചെയ്തത് 4 കുഴൽ കിണർ മാത്രമാണ്. ആയതിന് മാത്രമാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് നല്കിയിട്ടുള്ളതും തുക നല്കിയിട്ടുള്ളതും. കമ്മറ്റിയുടേയും തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റേയും അനുവാദമില്ലാതെ വെണ്മണിയിൽ രണ്ട് കുഴൽ കിണർ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.03.2023 ൽ നല്കിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കിണറുകൾ കുഴിച്ചിട്ടുള്ളതെന്നും കിണർ സ്ഥാപിച്ചപ്പോൾ സാങ്കേതിക കാരണങ്ങളാൽ പരാജയപ്പെട്ടെന്നും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഭേദഗതി വരുത്തി 27745/-രൂപ അടവാക്കിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തിയുടേതായിരുന്നു എന്ന് കാണുന്നു. പഞ്ചായത്തിന് സ്ഥലം വിട്ടു നല്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്തെ ചൊല്ലിയുള്ള തർക്കമാണ് നിലവിൽ ഒരേ സ്ഥലത്ത് രണ്ട് കുഴൽ കിണർ സ്ഥാപിക്കുന്നതിന് കാരണമായിട്ടുള്ളത്. കുഴൽ കിണർ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് കൃത്യമായ വിവരശേഖരണം നടത്താതെയാണ് പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുള്ളത്. തന്മൂലം അധികചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ കൃത്യമായ പഠനം നടത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-18 വയോജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം,പേര് | 51/22 ,വയോജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ |
| അടങ്കൽ,ഫണ്ട് | 200000, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം, തീയതി,ചെലവ് | 21120563012100110963, 11.02.2022 തുക116744 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പദ്ധതിക്കായാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.

ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ സ്വകാര്യമായി പ്രവർത്തിക്കുന്ന (രജി.നം.813/dt.13.12.2006) ഐക്കരനാട് സീനിയർ സിറ്റിസൺ അസോസിയേഷൻ, തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന (രജി.നം ER 804/2009) കറുകപ്പിള്ളി എൽഡേഴ്സ് ക്ലബ് എന്നീ സ്ഥാപനങ്ങളുടെ യഥാക്രമം 22.08.2019, 30.10.2019 എന്നീ തീയതികളിലെ അപേക്ഷകൾ പരിഗണിച്ച് മേൽ പ്രകാരമുള്ള ചെലവ് ചെയ്ത് 80 (40 വീതം) കസേരകളും കറുകപ്പിള്ളി എൽഡേഴ്സ് ക്ലബിന് പ്രത്യേകമായി 2 Steel Cabinet, 2 Steel Tableഎന്നിവയും വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം(കൈ)22/2018 ഉത്തരവിലെ ഖണ്ഡിക 7.1 (13) 1 പ്രകാരം വയോജന സൗഹൃദ പരിപാടികൾ എന്നതിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന പകൽ വീട്, വൃദ്ധസദനം, സായം പ്രഭ ഹോം എന്നീ സ്ഥാപനങ്ങളിലെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്വകാര്യമായി പ്രവർത്തിക്കുന്ന മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പ്രോജക്ട് പ്രകാരം ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.03.2023ൽ നല്കിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത സ്ഥാപനങ്ങൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്നതാണെന്നും,ഈ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന്റേയുമടിസ്ഥാനത്തിലാണ് ഫർണ്ണീച്ചറുകൾ നല്കിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ നല്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 116744/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ - ബാക്കി തുക തിരികെ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ 2021-22 സാമ്പത്തിക വർഷം ആവിഷ്കരിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ആയതിന്റെ ചെലവ് കിഴിച്ചുള്ള ബാക്കി തുക ഇതേവരെ പഞ്ചായത്തിന്റെ പരിധിയിലുള്ള ഹെഡുകളിലേക്ക് തിരികെ അടവാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | അടങ്കൽ,ഫണ്ട് | ബിൽ നം/ തീയതി, നല്കിയ തുക, (നിർവ്വഹണ ഏജൻസി) | ചെലവ് തുക, | തിരികെ കിട്ടുവാനുള്ള തുക, റിമാർക്ക്സ് |
|---|---|---|---|---|
| 74/21-22,പട്ടിമറ്റം ഡിവിഷനിലെ വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് (എസ്.സി.പി) 500000 | 21120563012100951238/ 15.01.2022, 499994/- (അനെർട്ട് ) | 409750 | 90244(2020-21 സാമ്പത്തിക വർഷം എസ് 0144/21 എന്ന പദ്ധതി പ്രകാരം ആരംഭിച്ചതാണ്) |
| 75/21-22 ഐക്കരനാട് ഗ്രാമ പഞ്ചായത്ത് വാർഡ് 13- ഭജനമഠം കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000 + 12000 * | 21120563012100652443/ 15.11.2022,512000/- (കേരള വാട്ടർ അതോറിറ്റി. എക്സിക്യൂട്ടീവ്എഞ്ചിനീയർ, ആലുവ) | 472776 | 39224 (2020-21 സാമ്പത്തിക വർഷം എസ് 0151/21 എന്ന പദ്ധതി പ്രകാരം ആരംഭിച്ചതാണ് |
| ആകെ | | 1011994 | 882526 | 129468 |

*{2019.20 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് പ്രവൃത്തിയായ രാമല്ലൂർ- മുപ്പാട്ടിമുകൾ കുടിവെള്ള പദ്ധതിയുടെ ബാക്കിത്തുകയായ 12000/-രൂപ വകയിരുത്തി നല്കിയത് (75/21-22 പദ്ധതിയുടെ കരാർ വ്യവസ്ഥ 3 പ്രകാരം)}

മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ബാക്കി തുകയായ 129468/-രൂപ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ നിന്ന് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖാമൂലം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.03.2023 ൽ നല്കിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തുക തിരികെ ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും തിരികെ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയത് . ആയതിനാൽ അടിയന്തരമായി 129468/-രൂപ മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടവാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ട്രാൻസ്പോർട്ടേഷൻ ചാർജ്. ജി.എസ്.ടി അധികം നല്കി

| | |
|---|---|
| പ്രൊജക്റ്റ് നം.പേര് | S0117/21-22, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓഫീസ് മിനി സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ |
| ഫണ്ടിനം, എസ്റ്റിമേറ്റ് തുക | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 625000 |
| ചെലവ് തുക,ബിൽ നം/തീയതി | 610906, 21120563012101375106,18.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓഫീസ് മിനി സ്റ്റേഷനിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി മേശ,കസേര,അലമാര തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. മേൽ പദ്ധതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർവുഡ് ലിമിറ്റഡിനെയാണ് 07.09.2021 ലെ 2 (3)-ാം നം കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർവ്വഹണത്തിന് വേണ്ടി തിരഞ്ഞെടുത്തത്. എന്നാൽ അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർ വുഡ് ലിമിറ്റഡിനെ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്റ്റ് നിർവ്വഹണത്തിന് സമീപിച്ചത്. ഇതര ഏജൻസികളെ സമീപിക്കാതിരുന്നതിനാൽ മത്സരാധിഷ്ഠിത നിരക്ക് ലഭിക്കുന്നതിന് സാധിച്ചില്ല. അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തിയാലും ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട് എന്നും ഇപ്രകാരം സ്ഥാപനങ്ങൾ ചെയ്യാത്തതിനെ സംബന്ധിച്ചും ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചും ധനകാര്യ വകുപ്പ് 17.01.2022 ൽ ജി ഒ ( പി ) നം 7/2022 ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) നിർവ്വഹണ ഏജൻസിയുടെ ബില്ലുകൾ പ്രകാരം ട്രാൻസ്പോർട്ടേഷൻ, അൺലോഡിംഗ് എന്നിവക്ക് 18% ജി എസ് റ്റിയാണ് ആവശ്യപ്പെട്ടിരിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ 18% ജി എസ് റ്റി തുകയായ 47066/-രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയിരിക്കുന്നതും. എന്നാൽ ട്രാൻസ്പോർട്ടേഷന് നല്കാവുന്ന ജി എസ് റ്റി 5 % ആണ്. ആകെ ട്രാൻസ്പോർട്ടേഷൻ, അൺലോഡിംഗ് എന്നിവയ്ക്ക് നല്കാവുന്ന തുക 2353/-രൂപ മാത്രമാണെന്നിരിക്കെ 8472/-രൂപ പ്രസ്തുത സ്ഥാപനത്തിന് ജി.എസ്.ടിയിനത്തിൽ നല്കിയിട്ടുണ്ട്. 6119/-രൂപ അധികം നല്കിയിട്ടുണ്ട്. അധിക നിരക്കിൽ ജി എസ് റ്റി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) 23.12.2021 ൽ പ്രസ്തുത സ്ഥാപനവുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും വ്യവസ്ഥകൾ ഒന്നും തന്നെ എഴുതി ചേർത്തിട്ടില്ല.
മേൽ പരാമർശങ്ങൾ ചൂണ്ടിക്കാട്ടി 16.03.2023 ൽ നല്കിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പരാമർശിച്ച ഉത്തരവ് 2022 ൽ മാത്രമാണ് ഇറങ്ങിയതെന്നും അതിന് പ്രസ്തുത ഉത്തരവിന് മുൻപാണ് പ്രവൃത്തി പൂർത്തികരിച്ചതെന്നും,കരാറിലെ വ്യവസ്ഥകൾ ചേർത്ത് പരിഷ്കരിക്കുന്നതാണെന്നും, ജി.എസ്.റ്റി ഇനത്തിൽ ലഭിക്കുവാനുള്ള തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.10.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം 1978/2020 പ്രകാരം അക്രെഡിറ്റഡ് ഏജൻസികളിൽ നിന്ന് ബിഡിംങ് മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്താവൂവെന്ന് സർക്കാർ മേൽ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. കൂടാതെ നിർവ്വഹണ ഏജൻസിക്ക് ജി.എസ്.റ്റിയിനത്തിൽ അധികം നല്കിയ 6119/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ടിൽ അടവാക്കേണ്ടതും, ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. അതു വരെ 6119/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 കടയിരുപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S012/22, കടയിരുപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 198766/- |
| ബിൽ നമ്പർ/തീയതി-തുക | 30/21-22, 28.02.22 – 68600/-<br>31/21-22, 28.02.22 – 56800/-<br>34/21-22, 28.02.22 – 43500/- |

| | |
|---|---|
| | 42/21-22, 28.02.22 - 7746/-<br>47/21-22, 28.02.22 - 22120/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ് |

മെഡിക്കൽ ഓഫീസർ (ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ്) നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ കടയിരുപ്പ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് ന്യൂ കൈരളി സ്റ്റോർവെൽ ചൂണ്ടി എന്ന സ്ഥാപനത്തിൽ നിന്നും 125400/-(ഇൻവോയ്സ് നം. 872/03.01.22, 1019/31.01.22) രൂപയുടെ ഫർണ്ണീച്ചറുകളും, കമ്പ്യൂട്ടർ സിറ്റി, കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 43500/-(ഇൻവോയ്സ് നം. C21C22-04561/10.03.22)രൂപയുടെ ഒരു ലാപ്ടോപ്പും, കെൽട്രോണിൽ നിന്നും 22120/-രൂപയുടെ രണ്ട് മൾട്ടി കൗണ്ടർ ടോക്കൺ സിസ്റ്റവും, ആലുവ സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും 7746/-(ഇൻവോയ്സ് നം. 0703301/11.03.22)) രൂപയുടെ ലാബ് ഉപകരണങ്ങളും ടെൻഡർ/ക്വട്ടേഷൻ നടപടി കൂടാതെ നേരിട്ട് വാങ്ങിയതിന്റെ രേഖകളാണ് ഫയലിൽ ചേർത്തിട്ടുള്ളത്. ഈ ഉപകരണങ്ങൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ(പി)നം.2/2018 എസ്.പി.ഡി തീയതി 28.04.2018, സ.ഉ (പി) നം.7/2019 എസ്.പി.ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ, 125400/-രൂപയുടെ സ്റ്റീൽ അലമാരകൾ ജെം മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.

2) ജി.ഒ(ആർ.ടി)നം.482/2022 എൽ.എസ്.ജി.ഡി തീയതി 28.02.2022, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അവരുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളും അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ്ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ, മേൽ പദ്ധതിയിൽ 43500/-രൂപ ചെലവഴിച്ച് ഒരു ലാപ് ടോപ് സർക്കാർ നിർദേശം പാലിക്കാതെ കമ്പ്യൂട്ടർ സിറ്റി, കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. കൂടാതെ, മേൽ സൂചിപ്പിച്ച ഉത്തരവിൽ 4GB RAM മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ് വാങ്ങുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ, മേൽ പദ്ധതിയിൽ 8GB RAM മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള എച്ച്പിയുടെ ലാപ്ടോപ് ആണ് വാങ്ങിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷനിലും അധികമുള്ള ലാപ്ടോപ് ആണ് വാങ്ങിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/13.03.2023) അടിയന്തിര സാഹചര്യം ഉണ്ടായതിനാലാണ് ടെൻഡർ/ക്വട്ടേഷൻ നടപടി കൂടാതെ നേരിട്ട് വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദേശ പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ബ്ലോക്ക് പഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം സെലക്ഷൻ നോട്ടീസ് പകർപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.03.2023)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ

സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-23 മാടശ്ശേരി കോളനി കുടിവെള്ള പദ്ധതി (കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്) -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 32/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | മാത്യു വർഗ്ഗീസ് |
| എം.ബുക്ക് | : | 218/21-22 |
| പിഎസി | : | 292957/- |
| നൽകിയ തുക | : | 224453/- |
| ബിൽ നം./തീയതി | : | ടി.ആർ.എൻ - 13296/15.03.22 |

മാടശ്ശേരി കോളനി കുടി വെള്ള പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിൽ മോശാവസ്ഥയിലുള്ള 440 മീറ്റർ GI പൈപ്പ് മാറ്റി പകരം അത്രയും തന്നെ പുതിയ പൈപ്പ് സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1) പഴയ പൈപ്പ് മാറ്റുന്നതിനനുസൃതമായ അളവിൽ പുതിയ പൈപ്പ് ഇടുവാനാണ് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടുള്ളത്. ഹാജരാക്കിയ എം.ബുക്ക് പ്രകാരം 282 മീറ്റർ പഴയ പൈപ്പ് മാറ്റിയിട്ടുള്ളതായി കാണുന്നു. എന്നാൽ പുതിയ പൈപ്പ് 312.2 മീറ്റർ നീളത്തിൽ ഇട്ടതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 282 മീറ്റർ മാത്രം പൈപ്പ് മാറ്റിയ സാഹചര്യത്തിൽ 312.2 മീറ്റർ പുതിയ പൈപ്പ് ഇടേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.

2) അസി.എഞ്ചിനിയർ 07.02.22 ൽ കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ 282 മീറ്റർ പഴയ പൈപ്പ് പൊളിച്ചുമാറ്റിയത് പഞ്ചായത്തിന് കൈമാറുന്നതായും പൈപ്പിന്റെ മൂല്യം 12972/-രൂപയായി നിശ്ചയിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പൈപ്പ് ലേലം ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് ലംപ്സമായി 150000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ കരാറുകാർ ടെണ്ടർ നൽകിയിരുന്നത് ഇലക്ട്രിഫിക്കേഷൻ ഇനം ഒഴിവാക്കിയാണ്. പ്രസ്തുത പ്രവൃത്തിയ്ക്കായി ആകെ ചെലവഴിച്ച തുക 224453/-രൂപയാണ്. എന്നാൽ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 351364/-രൂപയാണ്.

4) ഇതേ പ്രവൃത്തിയ്ക്കായി 126911/-രൂപ മാറിയിട്ടുള്ളതായി (ബിൽ നം. 12936/7.3.22) കാണുന്നു. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/16.03.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 351364/-രൂപ (224453 + 126911) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല

2021-22 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | തമ്മാനിമറ്റം പമ്പ് ഹൗസ് റോഡ് (127/22)<br>പി.സി.ജോർജ്ജ്<br>എം.ബുക്ക്- 144/21-22 പ്രവൃത്തി മൂല്യം - 624867/-<br>ബിൽ നം. 313/8.3.22 | 20 | 4760 | 860 |
| 2 | വേളൂർപള്ളി കോമന മന റോഡ് (69/22)<br>എം.സി കുര്യാക്കോസ് | 4 | 952 | 172 |

| | | | | |
|---|---|---|---|---|
| | എം.ബുക്ക്- 142/21-22 പ്രവൃത്തി മൂല്യം - 754040/- ബിൽ നം. 297/25.2.22 | | | |
| | ആകെ | | 5712 | 1032 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും അധികം നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/15.03.23)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 98000 | പിഎംഎവൈ - ജനറൽ (9) | 98000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 882000 | ആവാസ് പ്ലസ്-ജനറൽ (114) | 882000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 693000 | ആവാസ് പ്ലസ് എസ് സി (118) | 693000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 357000 | പിഎംഎവൈ - എസ് സി പി(7) | 357000 | 0 |
| ആകെ | | 2030000 | | 2030000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 101/21-22, കുന്നത്ത്നാട് ഗ്രാമപഞ്ചായത്ത്, 3,4,5,6,7 വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 1900000/- | 21120563012100734967 02.12.2021 | 0 | 1900000/- |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| കേരള വാട്ടർ അതോറിറ്റി | 121/221-22, മഴവന്നൂർ ഗ്രാമ പഞ്ചായത്ത്, വാർഡ് 14- കട്ടിക്കോട്ടിൽ കോളനി കുടിവെള്ള പദ്ധതി | 300000/- | 2112056301210145317O 25.03.2022 | 0 | 300000/- |
| കേരള വാട്ടർ അതോറിറ്റി | 135/21-22, പുത്തൻകുരിശ് പഞ്ചായത്ത് വാർഡ് 7- പ്രീതി അയ്യങ്കാളി റോഡ് -രാജർഷി റോഡ് മൂളിച്ചിറ.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000/- | PFMS (380/27.03.2022 | 0 | 400000/- |
| കേരള വാട്ടർ അതോറിറ്റി | 138/21-22, വടവുകോട്-പുത്തൻകുരിശ് വാർഡ് -5, കുറ്റ ജെ.ബി.എസ്. പൈപ്പ് ലൈൻനീട്ടൽ | 348680/- | PFMS(379/27.03.2022 | 0 | 348680/- |
| കേരള വാട്ടർ അതോറിറ്റി | 137/21-22, തിരുമല എസ്.കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ തിരുവാണിയൂർ വാർഡ് 11 | 500000 | 21120563012101473850 26.03.2022 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി | 126/21-22, കുന്നത്ത് നാട് ഗ്രാമപഞ്ചായത്ത് മാടശ്ശേരി കോളനി.പൈപ്പ് ലൈൻ നീട്ടൽ | 124000/- | 21120563012101146397 26.03.2022 | 0 | 124000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2003-04 | 3-9 | 2006-07 | 3.42(1) | ഊന്ന്കല്ല് നിരപ്പ് | മറ്റൊരു കുടിവെള്ള |

| | | | | | |
|---|---|---|---|---|---|
| | | | | കോളനി ജലസേചനം | പദ്ധതി സമീപത്ത് ആരംഭിച്ച തിനാൽ ഇനി കൂടുതൽ തുക ചെലവഴി ക്കേണ്ടെന്ന തീരുമാനിച്ചു. |
| 2005-06 | 3-10 | 2007-08 | 3.44(1) | പട്ടികജാതി തൊഴിൽ പരിശീലനം-അർഹത ഇല്ലാത്ത വർക്കും പരിശീലനം | 01-07-19 ൽ ഗ്രാമ വികസന കമ്മീ ഷണർക്ക് മറുപടി നൽകി |
| 2005-06 | 3-11 | 2007-08 | 3.44(1) | പട്ടികജാതി വനിത കമ്പ്യൂട്ടർ പരിശീലനം | -ടി- |

## 4-9 ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ്/സർചാർജ്ജ് ഇനത്തിൽ തുകയൊന്നും അടവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68028535.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62730936.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5884539/- |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 42,799/- | ജോസ് എം പി, അസി.എക്സി.എഞ്ചിനിയർ |
| 1-14 | 50,000/- | ഡോ. അനീഷ് ബേബി, മെഡിക്കൽ ഓഫീസർ ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ് |
| 1-15 | 53,17,513/- | ജ്യോതികുമാർ എസ്, സെക്രട്ടറി, |
| 1-18 | 1,16,744/- | ജ്യോതികുമാർ എസ്, സെക്രട്ടറി, |
| 1-20 | 6,119/- | ജ്യോതികുമാർ എസ്,, സെക്രട്ടറി, |
| 1-23 | 3,51,364/- | ബേസിൽ മത്തായി , അസി.എഞ്ചിനിയർ |
| ആകെ | 58,84,539 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ജ്യോതികുമാർ എസ്, സെക്രട്ടറി, | സെക്രട്ടറി, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് | ഉത്രാടം, മൂന്നുകല്ലിൻമൂട്, നെയ്യാറ്റിൻകര പി ഒ, 695121 |
| 2 | ജോസ് എം പി, അസി.എക്സി.എഞ്ചിനിയർ | അസി.എക്സി. എഞ്ചിനിയർ, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് | മട്ടാപ്പിൽ, കരയാൻപുറത്ത്, കറുകറ്റി പി ഒ, അങ്കമാലി |
| 3 | ബേസിൽ മത്തായി , അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് | എട്ടകുഴിയിൽ, കറുകപ്പിള്ളി പി ഒ, കറുകപ്പിള്ളി |
| 4 | ഡോ. അനീഷ് ബേബി, മെഡിക്കൽ ഓഫീസർ ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ് | മെഡിക്കൽ ഓഫീസർ ഗവ. ഹോസ്പിറ്റൽ, കടയിരുപ്പ് | പടിഞ്ഞാറേക്കര പുത്തൻപുര, പാമ്പാക്കുട പി.ഒ, പാമ്പാക്കുട |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000<br>2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10<br>2011-12<br>2012-13<br>2014-15 &<br>2015-16 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1291/19 തീ.9.10.2019 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1292/19, തീ. 20.09.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1582/19, തീ.19.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)956/20, തീ. 06.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)956/20, തീ. 06.12.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്